RCS/3521/2023 PT(2)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം -14
ഫോൺ 0471-2330825
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി: 30-05-2023

സഹകരണ സംഘം രജിസ്ട്രാർ
തിരുവനന്തപുരം

ജോയിന്റ് രജിസ്ട്രാർ(ജനറൽ)
എല്ലാ ജില്ലകളും

സർ,

വിഷയം:-സഹകരണ വകുപ്പ്-Co-op Day പുരസ്കാരം 2021-22 വർഷത്തെ അവാർഡ് നൽകുന്നത്- സംബന്ധിച്ച്.

******

അന്തർദേശീയ സഹകരണ ദിനത്തിന്റെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ 2022 ജൂലൈ 1 മുതൽ 2023 മാർച്ച് 31 വരെ Cooperatives Build a Better World എന്ന ആഹ്വാനത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾക്കാണ് ഈ വർഷത്തെ Co-op Day പുരസ്കാരം നൽകുന്നത്. നിലവിലെ പ്രബലമായ സാമ്പത്തിക മാതൃകകൾ സുസ്ഥിര വികസന നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തമല്ല എന്ന് തിരിച്ചറിഞ്ഞ് അതിനായി സഹകരണ മേഖലയുടെ പ്രാധാന്യം ചൂണ്ടിക്കാണിക്കുന്നതാണ് പ്രസ്തുത ആഹ്വാനം.

മെച്ചപ്പെട്ട ലോകക്രമം കെട്ടിപ്പടുക്കുന്നതിനും സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും സംഘങ്ങൾ നടത്തിയ മാതൃകാ പ്രവർത്തനങ്ങൾ അടങ്ങിയ റിപ്പോർട്ട് പരിഗണിച്ചാണ് അവാർഡ് തീരുമാനിക്കുന്നത്. ഈ രംഗത്ത് സംഘങ്ങൾ നടത്തിയ പ്രവർത്തനങ്ങളുടെ ഫോട്ടോ, വീഡിയോ എന്നിവ ഉൾപ്പെടുത്തി വിശദമായ അപേക്ഷ ഉൾപ്പെടെ ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള അവാർഡ് നിർണ്ണയ കമ്മറ്റി

പരിശോധന നടത്തി  ഒരോ ജില്ലയിൽ നിന്നും പരമാവധി 3 അപേക്ഷകൾ സഹകരണ സംഘം രജിസ്ട്രാർക്ക് 2023 ജൂൺ 15 -ാം തീയതിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
അഡീഷണൽ രജിസ്ട്രാർ (ജനറൽ) [I/C]

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.റ്റി/പി.റ്റി)